**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1701** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഇടപ്പള്ളിയിലെ ഐ.എച്ച്.ആർ.ഡി. റീജിയണൽ സെന്ററിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാക്കര നിയോജക മണ്ഡലത്തിലെ ഇടപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. റീജിയണൽ സെന്ററിന്റെ കീഴിലുള്ള കെട്ടിടങ്ങൾ ജീർണ്ണനാവസ്ഥയിൽ ആയതിനാൽ പ്രസ്തുത സെന്റർ നടത്തുന്ന കോഴ്സുകൾ പ്രതിമാസം 80,000 രൂപയോളം വാടക നൽകി വാടക കെട്ടിടങ്ങളിലാണ് നടത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | **സ്ഥലപരിമിതിമൂലം ഐ.എച്ച്.ആർ.ഡി.യുടെ ഇടപ്പള്ളി റീജിയണൽ സെന്ററിലെ കോഴ്സുകൾ നിലവിൽ ഐ.എച്ച്.ആർ.ഡി.യുടെ എറണാകുളം മോഡൽ ഫിനിഷിങ് സ്കൂൾ പ്രവർത്തിക്കുവാൻ വേണ്ടി വാടകയ്ക്ക് എടുത്തിരിക്കുന്ന ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലെ മുറികളിലാണ് നടത്തിവരുന്നത്. റീജിയണൽ സെന്ററിലെ കോഴ്സുകൾ നടത്തുന്നതിനായി പ്രത്യേകമായി വാടക നൽകുന്നില്ല.** |
| (ബി) | പ്രസ്തുത സെന്ററിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | **ഐ.എച്ച്.ആർ.ഡി - യിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.** |
| (സി) | ഇല്ലെങ്കിൽ ഇവിടെ ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും കോഴ്സുകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമായ തുക അനുവദിക്കുന്നതിനും പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) | **ഐ.എച്ച്.ആർ.ഡി - യിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ